

# വാർത്തകളും കുറിപ്പുകളും

**1. മാസവരിയും മറ്റു കുടിശ്ശികകളും**

2024-25 സാമ്പത്തിക വർഷാവസാനത്തിൽ മാസവരിയും മറ്റു കുടിശ്ശികകളും തീർപ്പാക്കുവാൻ ഉത്സാഹം കാണിച്ച എല്ലാ സഭാംഗങ്ങളോടുമുള്ള നന്ദി അറിയിക്കുന്നു. ഇതിനായി മുൻകൈ എടുത്ത ഏരിയ പ്രയർ കൺവീനർമാർ, കൗണ്ടർ ഡ്യൂട്ടി നിർവഹിച്ച കമ്മിറ്റി അംഗങ്ങൾ, ചർച്ച് ഓഫീസിലെ ജീവനക്കാർ എന്നിവരോടുള്ള സഭയുടെ നന്ദി അറിയിക്കുന്നു. വരിസംഖ്യാ ലിസ്റ്റ് ഉടനെ പരസ്യപ്പെടുത്തുന്നതാണ്.

**2. വിശുദ്ധ വാരാചരണം**

ഈ വർഷവും പതിവുപോലെ ഹോശാന ഞായറിനെ തുടർന്ന് തിങ്കൾ, ചൊവ്വ, ബുധൻ ദിവസങ്ങളിൽ വൈകിട്ട് 6 മണിക്ക് പ്രത്യേക ധ്യാന യോഗങ്ങൾ നടത്തപ്പെടുന്നതാണ്.പെസഹവ്യാഴം, ദുഃഖ വെള്ളി ഈസ്റ്റർ ദിവസങ്ങളിൽ പതിവ് ആരാധനകൾ ഉണ്ടായിരിക്കും. (വിശദാംശങ്ങൾക്കു കളർ പേജ് കാണുക) ദുഃഖ വെള്ളിയാഴ്ച മലയാളം ആരാധനക്ക് ശേഷം ഉച്ചഭക്ഷണം (കഞ്ഞി) ഉണ്ടായിരിക്കുന്നതാണ്.

നോമ്പുകാല പ്രത്യേക പ്രാർത്ഥനകൾ ഏരിയ പ്രയർ അടിസ്ഥാനത്തിൽ മുടക്കമില്ലാതെ നടന്നുവരുന്നു.

**3. കഷ്ടാനുഭവ ഗാനസന്ധ്യ**

19-4-25 ദുഃഖ ശനിയാഴ്ച വൈകിട്ട് 6 മണിക്ക് സഭയിലെ വിവിധ സംഘടനകളുടെ പങ്കാളിത്തത്തോടെ പള്ളിയിൽ വച്ച് കഷ്ടാനുഭവ ഗാനസന്ധ്യ (Passion recital) നടത്തപ്പെടുന്നതാണ്. തദവസരത്തിൽ സഭയിലെ ഓരോ സംഘടനയും ഓരോ കഷ്ടാനുഭവ ഗാനം ആലപിക്കേണ്ടതാണ്. സംഘടനകൾ ഇതിനായുള്ള തയ്യാറെടുപ്പുകൾ തുടങ്ങുവാനഭ്യർത്ഥിക്കുന്നു.

**4. വി.ബി.എസ്. - 2025**

സൺഡേ സ്കൂളിന്റെ ആഭിമുഖ്യത്തിൽ സഭയിലെ ഇക്കൊ

ല്ലത്തെ വി.ബി.എസ്. ഏപ്രിൽ 1 മുതൽ 11 വരെ സെന്റിനറി ഹാളിൽ നടന്നു വരുന്നു. 6-4-25 ഞായർ വി. ബി. എസ്. ഞായർ ആയി ആചരിക്കുന്നു.

**5. സംഘടനാ വാർഷിക പ്രവർത്തന റിപ്പോർട്ട്**

സഭാസംഘടനകളുടെ സംക്ഷിപ്ത വാർഷിക പ്രവർത്തന റിപ്പോർട്ട് (24-25) സഭയുടെ വാർഷിക റിപ്പോർട്ടിൽ ഉൾപ്പെടുത്തുവാനായി ഏപ്രിൽ 30-നു മുൻപായി (word/PDF format) നൽകേണ്ടതാണ്.

**6. സ്കൂൾ വാനിന്റെ താക്കോൽ ദാന കർമ്മം**

അടൂർ മണക്കാല സി.എസ്.ഐ. എച്ച്.എസ്.എസ്. ഫോർ പാർഷ്യലി ഹിയറിങ്ങിനായി നമ്മുടെ ഗോൾഡൻ ഏജ് ഫെലോഷിപ്പിന്റെ നേതൃത്വത്തിൽ നടത്തിയ സാമ്പത്തിക സമാഹരണത്തിലൂടെ വാങ്ങിയ പുതിയ സ്കൂൾ വാനിന്റെ (Maruti Eeco) താക്കോൽ 9-3-25 ഞായറാഴ്ച മലയാളം ആരാധനക്ക് ശേഷം നടന്ന പ്രത്യേക ചടങ്ങിൽ വച്ച് ഗോൾഡൻ ഏജ് ഭാരവാഹികൾ സ്കൂൾ അധികൃതർക്കു കൈമാറി-അഭിനന്ദനങ്ങൾ!!! സംഭാവനകൾ നൽകിയ സഭാജങ്ങളോടുള്ള നന്ദി അറിയിക്കുന്നു. 2011-ൽ ഗോൾഡൻ ഏജ് ഫെല്ലോഷിപ്പ് തന്നെ വാങ്ങി നൽകിയ ഓമ്നി വാൻ കാലഹരണപ്പെട്ടതിനെ തുടർന്നാണ് പുതിയ വാൻ വാങ്ങിയത്.

**7. ഡോ മയിന ടാലിയക്കും പത്നിക്കും സ്വീകരണം**

9-3-25 ഇംഗ്ലീഷ് ആരാധനയിൽ വിശിഷ്ടാതിഥിയായി സംബന്ധിച്ച, റിപ്പബ്ലിക് ഓഫ് തുവാലുവിന്റെ ആഭ്യന്തര പരിസ്ഥിതി മന്ത്രി ഡോ. മയിന ടാലിയക്കും പത്നിക്കും ആരാധനമധ്യേ സമുചിതമായ സ്വീകരണം നൽകുകയുണ്ടായി. കെ. യു. ടി. സെമിനാരിയിലെ പരിസ്ഥിതി സംബന്ധിയായ ഒരു ചടങ്ങിൽ പങ്കെടുക്കുവാൻ വേണ്ടിയായിരുന്നു അദ്ദേഹത്തിന്റെ ഔദ്യോഗിക കേരളസന്ദർശനം.

**8. ഗതാഗതനിയന്ത്രണ സംവിധാനം**

കഴിഞ്ഞ ഒരു മാസത്തിൽ കൂടുതലായി ഞായറാഴ്ചകളിൽ പള്ളിയിൽ വരുന്ന വാഹനങ്ങൾക്കായി പരീക്ഷണാടിസ്ഥാനത്തിൽ

നടത്തിവരുന്ന ഗതാഗതനിയന്ത്രണ സംവിധാനം വിജയകരമായി നടന്നു വരുന്നു. ഭൂരിപക്ഷം സഭാജനങ്ങളുടെയും ഭാഗത്തുനിന്നും വലിയ രീതിയിലുള്ള സ്വീകാര്യതയാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്. ഇത് ഭാവിയിലും തുടരുന്നതാണ്. സഹകരിക്കുക.

**9. വികാരിമാരുടെ വെസ്ട്രിയിൽ പുതിയ AC**

ഗോൾഡൻ ഏജ് ഫെലോഷിപ് മുതിർന്ന പൗരന്മാരെ ആദരിക്കുന്ന ചടങ്ങിനായി കല്യാൺ സിൽക്സിൽ നിന്നും ഷാളുകൾ വാങ്ങിയ ബില്ലിന് നറുക്കെടുപ്പിലൂടെ സമ്മാനമായി ലഭിച്ച ഒരു പുതിയ എയർ കണ്ടിഷനർ അവർ സഭക്ക് നൽകുകയും, തുടർന്ന് അത് അച്ചന്മാരുടെ വെസ്ട്രിയിൽ സ്ഥാപിക്കയും ചെയ്തു. ഗോൾഡൻ ഏജ് ഭാരവാഹികളോടുള്ള നന്ദി അറിയിക്കുന്നു.

## പ്രധാന അറിയിപ്പുകൾ

(i) **മാസവരി കുടിശ്ശികകൾ**

ഓൺലൈൻ ആയോ ചർച്ച് കൗണ്ടറിലൂടെയോ മാസവരി കുടിശ്ശികകൾ അടയ്ക്കുമ്പോൾ, കുടിശ്ശിക അഞ്ചു വർഷമോ അതിൽകൂടുതലോ ഉള്ള കാലയളവിലേക്ക് ഉള്ളതാണെങ്കിൽ അത് ഔദ്യോഗികമായി സ്വീകരിച്ച് അംഗീകരിക്കുന്നത് ചർച്ച് ഓഫീസിലെ രേഖകളുടെ അടിസ്ഥാനത്തിൽ, സഭാകമ്മിറ്റിയുടെ അന്തിമ തീരുമാനത്തിന് വിധേയമായിരിക്കും.

(ii) **പെൺകുട്ടികളുടെ വിവാഹം**

പെൺകുട്ടികളുടെ വിവാഹസമയത്ത്, ദേശകുറി ആവശ്യമില്ലാത്ത വിവാഹമാണെങ്കിൽപോലും സഭക്കർഹതപ്പെട്ടതായ വിഹിതം (Marriage Fee Rs.10,000.00) കൃത്യമായും അടക്കേണ്ടതാണ്.

(iii) **സെന്റിനറി ഹാൾ ബുക്കിങ്**

സെന്റിനറി ഹാൾ ബുക്കിംഗിന്റെ സമ്പർക്ക വ്യക്തികളായി (Contact Persons) താഴെ പറയുന്നവരെ ചുമതലപ്പെടുത്തിയിരിക്കുന്നു.

ഇനി മുതൽ ഹാൾ ബുക്കിംഗിനായി ഇവരെ ബന്ധപ്പെടേണ്ടതാണ്.

1. ശ്രീ. ഡി. സോമൻ ജോൺ – മൊബൈൽ: 9447007700

2. ശ്രീ. വി. എസ്. ഹെസക്കിയേൽ – മൊബൈൽ: 9447088977

(iv) **ടൈഡിങ്സ് പരസ്യ തുക**

2025–26 സാമ്പത്തിക വർഷം ടൈഡിങ്സിൽ അതാതു മാസം പ്രസിദ്ധീകരിക്കുവാൻ നൽകുന്ന മെമ്മോറിയൽ/വിവാഹ /മാമോദീസ /ജന്മദിന ചിത്രങ്ങളുടെ പരസ്യ തുക തനതു മാസം തന്നെ ഓഫിസിൽ അടക്കേണ്ടതാണ്. പലരും സാമ്പത്തിക വർഷാവസാനം (മാർച്ച് മാസം) വരെ കാത്തിരിക്കുന്നതായി കാണുന്നു. ഇത് ഒഴിവാക്കേണ്ടതാണ്. ടൈഡിങ്സിന്റെ പ്രതിമാസ പ്രസിദ്ധീകരണ ചിലവ് പരസ്യ വരുമാനത്തിലൂടെയാണ് കണ്ടെത്തുന്നത് എന്ന് ഓർമിപ്പിക്കട്ടെ.

വിശുദ്ധ വാരം എന്നത് ക്രൈസ്തവ ജീവിത യാത്രയിലെ ഏറ്റവും പവിത്രമായ കാലഘട്ടമാണ്. യേശുവിന്റെ ഈ ലോക ജീവിതത്തിന്റെ അവസാന ദിനങ്ങളുടെ സ്മരണ പുതുക്കുന്ന കാലഘട്ടം. ഹോശാന ഞായറാഴ്ചയിലെ യെരുശലേമിലേക്കുള്ള രാജകീയ പ്രവേശനം മുതൽ ദുഃഖ വെള്ളിയിലെ ക്രൂശു മരണം വരയുള്ള കാലഘട്ടം, ദുഃഖതമസ്സിന്റെ മധ്യേയും ഈസ്റ്റർ ഞായറാഴ്ചയിലെ പ്രതാപത്തോടെയുള്ള ഉയിർപ്പിനായുള്ള കാത്തിരിപ്പ്, മഹത്തായ ത്യാഗത്തിലൂടെ പാപത്തെയും മരണത്തെയും കീഴടക്കി നമുക്ക് വീണ്ടെടുപ്പും നിത്യജീവനും ദാനമായി നൽകിയതിന്റെ ഓർമ്മപുതുക്കൽ, വിശുദ്ധ വാരാചരണത്തിൽ നമ്മുടെ വിശ്വാസത്തെ വളർത്തി, സ്നേഹത്തിന്റെയും ത്യാഗത്തിന്റെയും യാഥാർഥ്യം ഉൾക്കൊണ്ടുകൊണ്ട്, പുതിയ ജീവനും, ക്ഷമയും, നിത്യ സന്തോഷവും വാഗ്ദാനം ചെയ്യുന്ന പുനരുത്ഥാനത്തിന്റെ പ്രത്യാശയിൽ സന്തോഷിച്ചുകൊണ്ട് മുന്നോട്ടുള്ള ജീവിതം നയിക്കാം

ഈസ്റ്റർ ആശംസകളോടെ,

**സജി സാം ജോർജ്**

സെക്രട്ടറി